**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 999** **11-02-2025 - ൽ മറുപടിയ്ക്ക്**

**ശിരുവാണി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ശിരുവാണി പദ്ധതിയുമായി ബന്ധപ്പെട്ട് തമിഴ്നാട് സർക്കാരിൽ നിന്നും ലഭിക്കേണ്ട കുടിശിക തുകയുടെ വിശദാംശം ലഭ്യമാക്കാമോ; കുടിശിക പിരിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട് ജലവിഭവ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ? | (എ) | 07/02/2023 തീയതിയിലെ G.O.(Rt) No.152/2023/WRD സർക്കാർ ഉത്തരവ് പ്രകാരം ശിരുവാണി പദ്ധതിയുടെ 29th JCB ആക്ഷൻ പ്ലാനിന് 52,07,50,999/- രൂപയ്ക്ക് അംഗീകാരം നൽകിയതിനുശേഷം നാല് തവണകളിലായി 7,17,53,920/- രൂപ മാത്രമാണ് തമിഴ്നാട് സർക്കാരിൽ നിന്നും ലഭ്യമായിട്ടുള്ളത് . നിലവിൽ കുടിശ്ശിക തീർക്കുന്നതിനായി 10,93,07,727/- രൂപ അനുവദിക്കണമെന്ന് വകുപ്പ് തലത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.പി.എ.പി ഡിവിഷൻ നം.1, കാഞ്ഞിരപ്പുഴയുടെ കാര്യാലയത്തിൽ നിന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ, TWAD Board കോയമ്പത്തൂർ കാര്യാലയത്തിലേക്കും, ചീഫ് എഞ്ചിനീയർ പദ്ധതി വിഭാഗം - 1 ന്റെ കാര്യാലയത്തിൽ നിന്ന് ചീഫ് എഞ്ചിനീയർ, TWAD Board കോയമ്പത്തൂർ കാര്യാലയത്തിലേക്കും കത്ത് നൽകിയിട്ടുണ്ട് . കൂടാതെ കുടിശ്ശിക തുക തീർത്തുതരണമെന്ന് സർക്കാർ തലത്തിലും തമിഴ്നാടിനോട് ആവശ്യപ്പെട്ടിരുന്നു. ഇത് കൂടാതെ അംഗീകാരം ലഭ്യമായതിൽ ഉൾപ്പെട്ട മറ്റ് പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ആയത് പൂർത്തീകരിക്കുന്ന മുറയ്ക്ക് തമിഴ്നാട് സർക്കാരിൽ നിന്നും ഫണ്ട് ആവശ്യപ്പെടുന്നതാണ് . |

സെക്ഷൻ ഓഫീസർ